

## ഗവ.എച്ച്.എസ്.എസ് എടത്തല
## സ്കൂളിന്റെ

# നിനവ്..

## സന്ദേശം ...

ഏറെ അഭിമാനത്തോടെ ഉണർന്നു പ്രവർത്തിക്കുന്ന എടത്തല ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിലും മട്ടിലും വേറിട്ട് നിൽക്കുന്നു. ഹരിതാഭയുടെ ശീതളഛായയേറ്റ് തലയുറപ്പോടെ നിവർന്നു നിൽക്കുന്ന സ്കൂൾ എസ്.എസ്.എൽ.സി- യുടെ വിജയത്തിളക്കത്തിൽ ശ്രദ്ധേയമായി മാറിയിരിക്കുന്നു. സ്കൂളിന്റെ മാഗസിൻ ഇറങ്ങുന്നതിന് ഞാൻ ഏറെ സന്തോഷിക്കുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും മാഗസിനും എന്റെ ആർദ്രമായ ആശംസ നേരുന്നു.

ശ്രീ. സുഭദ്ര. എം. കെ

(സീനിയർ അസിസ്റ്റന്റ്)

## ആശംസകളോടെ....

എടത്തല ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നത് ഈശ്വരാനുഗ്രഹമായി കാണുന്നു. കാലത്തിന്റെവെല്ലുവിളികളെ അതിജീവിക്കുവാൻ എന്നും ഈ സരസ്വതി ക്ഷേത്രത്തിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഹൃദയം നിറഞ്ഞ ആശംസകളോടെ.....

ശ്രീ. മുഹമ്മദ് അമീൻ

(സ്റ്റാഫ് സെക്രട്ടറി)


## ആശംസകൾ...



റസാഖ്

നാടിന്റെ അഭിമാനമായി മാറിയ എടത്തല ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ വേറിട്ട പ്രവർത്തനങ്ങൾ ഏറെ സന്തോഷവാനാണ് ഞാൻ. സ്കൂളിലെ മാഗസിൻ ഇറങ്ങുന്നു എന്ന് അറിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു. മാഗസിനും അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും എന്റെ ആശംസ നേരുന്നു....

റസാഖ്
(പി. ടി. എ പ്രസിഡന്റ്)



പ്രൊഫ. സി. രവീന്ദനാഥ്

## സന്ദേശം...

എറണാകുളം ജില്ലയിലെ എടത്തല ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ ഒരു മാഗസിൻ ഇറങ്ങുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്ദോഷം. മാഗസിനും സ്കൂൾ പ്രവർത്തനങ്ങൾക്കും എന്റെ എല്ലാ വിജയാ- ശംസകളും നേരുന്നു....

പ്രൊഫ. സി. രവീന്ദ്രനാഥ്

## ആമുഖം

ഒരു എൽ. പി സ്കൂളായി 1950- ൽ പ്രവർത്തനമാരംഭിച്ച എടത്തല ഗവ: സ്കൂൾ ഇന്ന് ഹയർ സെക്കണ്ടറിയുടെ കൂടിച്ചേരലോടെ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ എന്ന തലയെടുപ്പോടെ സ്വാഭിമാനം പ്രവർത്തിച്ചു വരുന്നു. കുഞ്ചാട്ടുകര എന്ന തനിനാടൻ ഗ്രാമത്തിന്റെ തിലകക്കുറിയാണ് ഈ പൊതുവിദ്യാലയം. എടത്തല ഗ്രാമ പഞ്ചായത്തിന്റെ കൺവെട്ടത്തു തന്നെ നിറശോഭയോടെ വയലേലകളിൽ നിന്നും തെന്നിക്കളിച്ചു വരുന്ന

*കുളിർതെന്നലേറ്റ് ഈ വിദ്യാലയം അറിവിന്റെ പാലാഴിയൊഴുക്കി വരുന്നു. തൊട്ടുമുന്നിലായി റോഡിനു മുകളിലൂടെ കുളിർജലമൊഴുക്കി ഒരു കനാൽ നീണ്ടു നിവർന്നു കിടക്കുന്നത് ശുഭശകുനമായി മാറുന്നു. ഗ്രാമവും വിദ്യാലയവും നാൾക്കുനാൾ വികസിച്ചു കൊണ്ടിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലേയ്ക്കും ഇന്ന് ഇവിടെ നിന്നും വാഹനസൗകര്യമുള്ളത് അനുഗ്രഹമായി മാറി. അനേകം സ്ഥാപനങ്ങൾ, സൗകര്യങ്ങൾ എന്നിവ ഇവിടത്തെ പ്രത്യേകതയാണ്. അതിനാൽ എൽ. കെ. ജി, യു. കെ. ജി വിഭാഗം സ്കൂളിന്റെ ഭാഗമായിമാറിയിരിക്കുന്നു എന്ന് ഞങ്ങൾ നിറഞ്ഞ ആത്മാഭിമാനത്തോടെ രേഖപ്പെടുത്തട്ടെ. വിദ്യാലയം ഒരു പൂന്തോട്ടമാണെങ്കിൽ എടത്തല ഗവ : ഹയർസെക്കന്ററി സ്കൂൾ ഒരു ജൈവവൈവിദ്ധ്യത്താൽ വേറിട്ടുനിൽക്കുന്ന ഒന്നായി മാറിയിരിക്കുന്നു. ഈ വിദ്യാലയത്തിന്റെ ഭാഗമായിമാറിയതിൽ ഞങ്ങൾ അഭിമാനിക്കുന്നു.............................................!*

## <u>എഡിറ്റോറിയൽ......</u>

*അക്ഷരം അഗ്നിയാണ്.... തലമുറകൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നു കൊടുത്തുകൊണ്ട് ഈ സരസ്വതി ക്ഷേത്രം നാടിന് അഭിമാനമായി നിലകൊള്ളുന്നു. ഒരു വിദ്യാലയം നാടിന്റെ ചരിത്രത്തേയും സംസ്കാരത്തെയും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ആയിരങ്ങളുടെ  സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ചുകൊണ്ട് പ്രതീക്ഷകളുടെ ചിറകിലേറി..... മഹാരഥന്മാരുടെ അനുഗ്രഹാശിസ്സുകളേറ്റു വാങ്ങി കർത്തവ്യബോധത്തോടെ വിജയസോപാനത്തിലേക്ക് പറന്നുയരുന്നു...... കാലയവനികക്കുള്ളിൽ മറഞ്ഞുപോയ സുമനസ്സുകളുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് പുത്തൻ പ്രതീക്ഷ-*

കളുമായി നമുക്ക് കൂട്ടുകൂട്ടാം. ഈ വിദ്യാലയത്തെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന..... വിദ്യാലയ സ്മരണകളെ നെഞ്ചിലേറ്റി സൂക്ഷിക്കുന്ന-വർക്കായി ഈ സ്മരണിക സമർപ്പിക്കുന്നു.........

എഡിറ്റർ

# GOVT. HSS EDATHALA

# *NINAVU*

## *EDITORIAL BOARD*


***Managing Editor*** ***:Sri.C.C.Joy***
***(Headmaster)***
***:Smt.Subhadra M.K***
***(Senior Assistant)***

***Chief Editor*** ***:Sri.Ajimon Kalamboor***

***Associate Editors*** ***:Smt.Shaney.R***
***:Smt.Javany T.S***

***Editorial Board*** ***:Anagha Subash***
***:Anakha Jayaprakash***
***:Anjaly P.A***

***:Christeena mary***
***:Devika G.Elayath***
***:Divya Mohan***
***:Fathima Noushad***
***:Jesna Shekar***
***:Manisha K.A***
***:Manya P.M***
***:Sreeshma M.S***
***:Alosh Krishna***
***:Anandhu P.M***

***:Arun Kumar***
***:Sumal Jith P.S***
***:Ajmal P.M***
***:Amaanullah V.R***
***:Muh.Shafi V.J***
***:Muh.Suhail K.A***
***:Muh.Nasif***
***:Salahudeen Ayoob***

## ഇതളുകൾ വിരിയുമ്പോൾ.......

### എഡിറ്റോറിയൽ..........


1. ചില നിമിഷങ്ങളിലൂടെ
2. എന്റെ ഗ്രാമം
3. പെയ്യൊഴിയാതെ...
4. കേരളം എങ്ങോട്ട്..
5. അകലെ...
6. ഇവരിലൂടെയും.....
7. അറബി ഭാഷയുടെ പ്രാധാന്യം..
8. രവീന്ദ്ര നാഥ ടാഗോർ..
9. താജ്മഹൽ..
10. മഹാത്മ ഗാന്ധി..
11. വിനോദ യാത്ര......
12. Poem


## ചില നിമിഷങ്ങളിലൂടെ.............















## എന്റെ ഗ്രാമം......

പൂവുണ്ട് പുഴയുണ്ട്പൂവിന്റെ മണമുണ്ട്
ഒഴുകുന്ന നദിയുടെ താളമുണ്ട്
ശാലീനസുന്ദരമെന്റെ ഗ്രാമം!

കാവുണ്ട് കുളമുണ്ട്
പാടുന്ന കിളിയുണ്ട്
നേരുണ്ട് നുണയുണ്ട് നൊമ്പരമുണ്ട്
ശാലീനസുന്ദരമെന്റെ നാട്!



നന്മവിളയും മതസൗഹാർദ്ദമുണ്ട്
പച്ച പുതച്ചു നിവർന്നു കിടക്കുന്ന
മെച്ചമാം നെൽപാടങ്ങളുണ്ട്
ശാലീനസുന്ദരമെന്റെ നാട്!

നാട്ടുവിശേഷം വിളമ്പാനാളുണ്ട്
പാറിപ്പറക്കുന്ന ശലഭങ്ങളെ പോലെ
ഓടിക്കളിക്കുന്ന കുട്ടികളുണ്ട്
ശാലീനസുന്ദരമെന്റെ നാട്!

കവിത

# പെയ്തൊഴിയാതെ................

"കാലം തെറ്റി ഈ നഗരവനിയിൽ,
എത്തിച്ചേർന്ന തുട്ട വെള്ളാമ്പൽ പൊയ്കയേ,
കന്നിനാളിലെ കൊയ്ത്തിനുവേണ്ടി
നട്ട വിത്തെല്ലാം കാർന്നുതിന്നില്ലേ.........
ഭൂമി മുഴുവനായി വിഴുങ്ങി
പൊരുതായി തീർന്ന കടൽപോലെ.......
കണ്ണീരുനനച്ചു കൊണ്ടു നീ
തകർത്തത് അനേകം ജന്മങ്ങളാണ്........
സുന്ദരമായൊരു മുഖവും
മോഹനമായൊരു ഭാവവും നിന്റെ വെറും നാട്യം............."

"ഭംഗിയാലുണർത്തപ്പെട്ട ദൈവമായ
കേരളത്തിന്റെ പൊതുമയേ തകർത്തു നീ,
നിന്റെ വെണ്ണീർത്തടങ്ങൾ ജലതുള്ളികളായി
മനുഷ്യരിൽ വാർത്തെടുത്തു കണ്ണീരായി........
ഇണക്കത്തിൽ നിന്ന് പിണക്കത്തിലേക്ക്
നിന്റെ വഴി നെയ്തെടുത്തിരിക്കുന്നു നീ.....
എന്തിനു നീ പെയ്തൊഴിയാതെ
ഈ നഗരവനിയിൽ ശാപമായി വന്നെത്തി......
അവസാനമായി കരുത്താർജിച്ചു പറയുന്നു
നിർത്തുക നിന്റെ പടയോട്ടം.........................
ശാന്തമാക്കുക നിന്റെ കോപം....................

അഖിൽ.എസ്

X A

ലേഖനം

# കേരളം എങ്ങോട്ട്.....?

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. എന്നാൽ കേരളമൊരു ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത് നമ്മുടെ സ്വാമി വിവേകനന്ദൻ ആണ്. എന്തിനാണ് അങ്ങനെ വിശേഷിപ്പിച്ചത്. ആക്രമണോത്സുകരമായ നയമാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. കിഴക്കിന്റെ വെനീസ്, അറബിക്കടലിന്റെ റാണി എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന നിരവധി സ്ഥലങ്ങൾ കേരളത്തിനുണ്ട്. എന്നാൽ അവയെല്ലാം അർഥശൂന്യമായികൊണ്ടിരിക്കുകയാണ്.

കേരളം എത്ര പ്രൗഢഗംഭീരമായിരുന്നു. എന്നാൽ അതിന്റെ പത്തി താഴ്ന്നുകൊണ്ടിരിക്കുന്നു. അക്രമത്തിന്റെയും ഹിംസയുടേയും താഴ്വാരമാണ് ഇന്ന് കേരളം. ഏറ്റവും കൂടുതൽ ദുർഭരണങ്ങൾ നടക്കുന്നത് കേരളത്തിലാണ്. മയക്കുമരുന്നിന്റെ ഉപയോഗത്തിൽ തലപ്പത്ത് നിൽക്കുന്നതും ഈ ദൈവത്തിന്റെ സ്വന്തം നാട് തന്നെ. വികസനങ്ങൾ ഏറെയുണ്ടെങ്കിലും അതെല്ലാം ബാധിക്കുന്നത് ഇവിടുത്തെ സാധു ജനങ്ങളെയാണ്. അടുത്തിടെ കേരളം വലിയൊരു മഹാദുരന്തത്തെ തരണം ചെയ്തു. പേര് പ്രളയമെന്നാണെങ്കിലും യഥാർത്ഥ പേര് പ്രകൃതിയുടെ പക എന്നായിരുന്നു. ക്ഷമയുടെ കെട്ടുമാറാപ്പുകൾ വലിച്ചെറിഞ്ഞ പ്രകൃതിയുടെ ഉഗ്രതാണ്ഡവം, അന്ന് നമ്മോടൊപ്പമുണ്ടായിരുന്ന വലിയൊരു ശക്തി, ഐക്യം എന്നതാണത്. നമ്മെ ദുരന്തം തരണം ചെയ്യാൻ പ്രേരിപ്പിച്ചു.

കേരളം എന്നാൽ എല്ലാവരും മനസ്സിൽ കൊണ്ടുനടന്നിരുന്ന ഒരു മുൻധാരണയുണ്ടായിരുന്നു. അതെല്ലാം ക്ഷണപ്രഭാചഞ്ചലം ആയി മാറി. " സ്നേഹിക്കയുണ്ണീ നീ നിന്നെ വെറുക്കുന്നവരെയും" എന്നൊരു കവി വാചകമുണ്ട്. എന്നാൽ കേരളത്തിൽ ഒന്നു പറഞ്ഞ് രണ്ടാമത്തേത് ഒരു കത്തിക്കുത്തിൽ അവസാനിക്കും, കൊല നടത്തിയവന് ജയിലിൽ സുഖവാസം.........................................!

ജീവ. കെ. വിജയ്.

XA

## അകലെ

പ്രകൃതിയോടിണങ്ങിക്കഴിയുന്ന ഒരു ഗ്രാമം. മണ്ണിനോടടുപ്പമുള്ള ഒരു കൂട്ടം ജനത. ഗ്രാമത്തിലെ മികച്ച കർഷകനാണ് ദാമു. ദാമുവിന്റെ ഭാര്യ അമ്മിണി. അമ്മിണി ദാമുവിനോടൊപ്പം കൃഷിക്കായി ഇറങ്ങുന്നു. ഇവർക്കൊരു മകളുണ്ട് മീനാക്ഷി. എല്ലാ അച്ഛനമ്മമാരെപ്പോലെ അവർക്കും തന്റെ മകൾ നന്നായി പഠിച്ച് നല്ല നിലയിലെത്തണം എന്ന ആഗ്രഹമുണ്ടായിരുന്നു. ദാമുവിനും അമ്മിണിക്കും വിദ്യാഭ്യാസമില്ല. അതിനാൽ മകളെ അവളുടെ അധ്യാപികയുടെ വീട്ടിൽ വൈകിട്ട് അധികപഠനത്തിനായി അയയ്ക്കും. മീനാക്ഷി എല്ലാ ക്ലാസിലും ഉന്നത വിജയത്തോടെ കടന്നു പോന്നു. നന്നായി പഠിക്കുന്നതിനാൽ അവളുടെ അധ്യാപകർ തന്നെ പഠനത്തിനുള്ള തുകയും കൊടുത്തു. അവൾ ഒരു ഡോക്ടറായി. ആ ഗ്രാമത്തിലെ ഉന്നത വിദ്യാഭ്യാസം നേടിയതും ഉയർന്ന ജോലിയുള്ളതുമായ ഏക വ്യക്തിയായിരുന്നു അവൾ. തന്റെ മാതാപിതാക്കൾക്ക് കൊടുക്കാൻ പറ്റാവുന്ന ഏറ്റവും വലിയ സന്തോഷം തന്നെയാണ് അവൾ കൊടുത്തത്. അവളുടെ ജീവിതത്തിലെ ആദ്യത്തെ സമ്പാദ്യം ലഭിച്ചു. ജോലിയുടെ ശമ്പളം കിട്ടി. എന്നാൽ അവളുടെ സ്വഭാവത്തിൽ നന്നേ മാറ്റം വന്നിരുന്നു. മണ്ണിൽ കിടന്നുറങ്ങികൊണ്ടിരുന്ന കുട്ടി അതിൽ ചവിട്ടാതെയായി. അവൾ സഹജീവനക്കാരെ പോലെയായി. മീനാക്ഷിയുടെ അമ്മേ എന്ന വിളിക്കു പിന്നാലെ അമ്മ ഓടി. അമ്മിണി കാര്യം തിരക്കിയപ്പോൾ അവൾ അമ്മക്ക് ഒരു ഫോൺ കാണിച്ചു കൊടുത്തു. അമ്മിണിക്ക് അത് എന്താണെന്ന് മനസ്സിലായില്ല. മീനാക്ഷി അതിന്റെ ഗുണങ്ങളെല്ലാം പറഞ്ഞു കൊടുത്തു, ശേഷം അച്ഛൻ വന്നപ്പോൾ അച്ഛനും പറഞ്ഞു കൊടുത്തു. അവളുടെ രാത്രിദിവസങ്ങളിലെ ഉറങ്ങാതെയുള്ള ഫോൺ വിളികൾ കേട്ട് അച്ഛനും അമ്മയും ഭയന്നു. അമ്മിണി ദാമുവിനോടായി പറഞ്ഞു, " അവൾ അതിൽ നിന്നും കണ്ണെടുക്കുന്നില്ല. എപ്പോഴും ചെവിട്ടിൽ വെച്ച് നടക്കാ...., ഹലോ എന്നോ മറ്റുമാണ് എന്നും പറയുന്നത്." മീനാക്ഷിയുടെ അതിരുകടന്ന ഫോൺ വിളിയിൽ സഹിക്കാൻ വയ്യാതെ അമ്മിണി ചോദിച്ചു. അപ്പോൾ മീനാക്ഷി അമ്മയോട് ദേഷ്യത്തിൽ കുതിച്ചു ചാടി. എന്നാൽ ഒരു ദിവസം അച്ഛനും അമ്മയും കണ്ടത് മകളുടെ ചേതനയറ്റ ശരീരമാണ്. സഹജീവനക്കാരോട് പോലീസുകാർ ചോദിച്ചപ്പോൾ അവർ പറഞ്ഞത്, അവൾക്ക് ഒരാളോടുമായി അടുപ്പമുണ്ടായിരുന്നു. അതിലെ

വഞ്ചനമൂലമാണ് അവൾ ജീവനൊടുക്കിയതെന്ന്.അപ്പോഴാണ് തന്റെ മാതാപിതാക്കൾ അറിയുന്നത് തന്റെ മകൾ ഹലോ എന്ന് സ്ഥിരം പറയുന്നത് ഒരാണിനോടായിരുന്നു എന്നത്.ഹലോ എന്ന് ഇപ്പോൾ ആരു പറഞ്ഞാലും അവരുടെ മനസ്സിൽ തന്റെ മകളുടെ ഓർമ്മകളായിരുന്നു.


നിഖിത ദാസ്.കെ.എച്ച്
X A

---


## ഇവരിലൂടെയും.........



അമൽ എസ്.എൽ X A




സുമൽ ജിത്ത പി.എസ് IX A



**സുമൽ ജിത്ത് പി.എസ്** IX A



**<u>അസ്കർ കെ.എൻ</u>**




**അരുൺ കുമാർ** IX A




**അബിൻ രാജൻ** VIII A

# അറബി ഭാഷയുടെ പ്രാധാന്യം

## أهمية اللغة العربية

اللغة العربية من اللغات العالمية الأكثر انتشارا
في العالم. وتعتبر من إحدى اللغات المعتملة في الأمم المتحدة
كما إنها تشكل اللغة الأولى في مناطق بلاد الشام وشبه
الجزيرة العربية وشمال أفريقيا. اللغة العربية لغة الإسلام
والمسلمين والقرآن الكريم كما أن الثقافة العربية غنية
جدا بالعديد من المؤلفات سواء الأدبية أو العلمية
أو غيرها. والتي كتبت بلغة عربية فصيحة ويصل العدد
الإجمالي لحروف اللغة العربية إلى ثمانية وعشرين حرفا.

إن اللغة العربية أهمية كبيرة في الثقافة
والتراث والأدب العربي لأنها تعتبر جزءا من الحضارة
العربية. تعد اللغة العربية من اللغات الإنسانية السامية
والتي ما زالت محافظة على تاريخها اللغوي والنحوي منذ
قديم الزمان. ساهمت اللغة العربية في نهوض العديد
من الحضارات وخصوصا الأوروبية مما أدى إلى تشجيع
الأوروبيين لتعلمها وفهمها للتعرف على حروفها وكلماتها.


في كيرلا نرى كثيرا من المدارس والكليات
والجامعات تدرس هنا اللغة العربية. ونستعمل كثيرا
من الألفاظ في اللغة العربية في حياتنا اليومية. يحتفل
١٨ ديسمبر كل عام بيوم العالمي للغة العربية. في هذا
اليوم تنعقد المؤتمرات والمناقشات حول تنمية
اللغة العربية وتقدمها وتأثيرها في العالم.

عمر. ب. ا

**ഉമ്മർ. പി. എ**

**(അറബിക്ക് സർ)**

## രബീന്ദ്രനാഥ് ടാഗോർ


**രബീന്ദ്രനാഥ ടാഗോർ**



രബീന്ദ്രനാഥ് ടാഗോർ കൊൽക്കത്തയിൽ, 1915

| | |
|---|---|
| ജനനം | 1861 മേയ് 7<br>കൊൽക്കത്ത, (ബ്രിട്ടീഷ്) ഇൻഡ്യ |
| മരണം | 1941 ഓഗസ്റ്റ് 7 (പ്രായം 80)<br>കൊൽക്കത്ത, (ബ്രിട്ടീഷ്) ഇൻഡ്യ |
| ദേശീയത | (ബ്രിട്ടീഷ്) ഇൻഡ്യൻ |
| തൊഴിൽ | കവി, നാടകകൃത്ത്, തത്ത്വചിന്തകൻ, ഗാനരചയിതാവ്, ചിത്രകാരൻ |
| രചനാകാലം | ബംഗാളി നവോത്ഥാനം |
| സ്വാധീനിക്കപ്പെട്ടവർ | D.R. Bendre, André Gide, Yasunari Kawabata, Kuvempu, Gabriela Mistral, Pablo Neruda, Octavio Paz |

ഒപ്പ്



ഭാരതമൊട്ടാകെ കലാസാംസ്കാരികരംഗങ്ങളിൽ ആഴമേറിയ മുദ്ര പതിപ്പിച്ച നോബൽ സമ്മാന ജേതാവായ പ്രശസ്ത ബഹുമുഖ പ്രതിഭയാണ്, രബീന്ദ്രനാഥ ടാഗോർ (മേയ് 7 1861 – ഓഗസ്റ്റ് 7 1941), 'ഗുരുദേവ്' എന്നും ആദരപൂർവ്വം അദ്ദേഹത്തെ സംബോധന ചെയ്യപ്പെട്ടിരുന്നു. കവി, തത്ത്വ ചിന്തകൻ, ദൃശ്യ കലാകാരൻ, കഥാകൃത്ത്, നാടക കൃത്ത്, ഗാനരചയിതാവ്, നോവലിസ്റ്റ്, സാമൂഹികപരിഷ്കർത്താവ് തുടങ്ങിയ നിലകളിൽ തന്റെ പ്രതിഭ തെളിയിക്കുകയും ബംഗാളി സാഹിത്യത്തിനും സംഗീതത്തിനും 19 ആം നൂറ്റാണ്ടിന്റെ അന്ത്യത്തിലും, 20 ആം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി പുതു രൂപം നൽകുകയും ചെയ്തു. 1913-ൽ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചതിലൂടെ പ്രസ്തുത പുരസ്കാരം ലഭിക്കുന്ന ഏഷ്യയിലെ ആദ്യ വ്യക്തിയായി ടാഗോർ. മൂവായിരത്തോളം കവിതകളടങ്ങിയ നൂറോളം കവിതാ സമാഹാരങ്ങൾ, രണ്ടായിരത്തി മുന്നൂറോളം ഗാനങ്ങൾ, അൻപത് നാടകങ്ങൾ, കലാഗ്രന്ഥങ്ങൾ, ലേഖന സമാഹാരങ്ങൾ തുടങ്ങി ടാഗോറിന്റെ സാഹിത്യ

സംഭാവനകൾ ഇങ്ങനെ പോകുന്നു. നാടകനടനും ഗായകനും കൂടിയായിരുന്ന അദ്ദേഹം 68-ആം വയസ്സിൽ അദ്ദേഹം ചിത്രരചന ആരംഭിച്ചു, വിനോദത്തിനു വേണ്ടി തുടങ്ങി ഏകദേശം മൂവായിരത്തോളം ചിത്രങ്ങൾ രചിച്ചു. ബംഗാളിലെ മത,സാമൂഹിക,സാംസ്കാരിക രംഗങ്ങളിൽ പുരോഗമന പരിഷ്കരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ സംഭാവനകൾ നൽകിയ കുടുംബമാണ് കൽക്കത്തയിലെ ജെറാസങ്കോ ടാഗോർ കുടുംബം. രബീന്ദ്രനാഥ ടാഗോർ, അബനീന്ദ്രനാഥ ടാഗോർ, ഗഗനേന്ദ്രനാഥ ടാഗോർ എന്നിങ്ങനെ ഭാരതത്തിന്റെ കലാസാഹിത്യ രംഗത്തും, മത-സാമൂഹിക പരിഷ്കരണ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേർ ജെറാസങ്കോ ടാഗോർ കുടുംബത്തിലുണ്ട്.

കൊൽക്കത്തയിൽ പിരലി ബ്രാഹ്മണ വംശത്തിൽ പിറന്ന ടാഗോർ എട്ടാമത്തെ വയസ്സിൽ തന്റെ ആദ്യ കവിത രചിച്ചു. പതിനാറാമത്തെ വസ്സിൽ ടാഗോർ 'ഭാനുസിംഹൻ' എന്ന തൂലികാനാമത്തിൽ ആദ്യ കവിതാസമാഹാരം പുറത്തിറക്കി. 1877 ൽ ചെറുകഥകളും നാടകങ്ങളും രചിച്ചു തുടങ്ങി. ചെറുപ്രായത്തിൽത്തന്നെ അത്യന്തം യാത്ര ചെയ്ത ടാഗോർ തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നല്ലൊരു ഭാഗം ഗൃഹത്തിൽ തന്നെയാണ് നടത്തിയത്. ബ്രിട്ടീഷ് നിയമങ്ങൾക്കോ പൊതുനടപ്പിനോ ഇണങ്ങും വിധം പെരുമാറാതിരിക്കുകയും പ്രായോഗിക വാദിയും ആയിരുന്ന ടാഗോർ, ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെയും ഗാന്ധിയെയും പൂർണ്ണമായി പിന്തുണച്ചിരുന്നു. ടാഗോറിന്റെ ജീവിതം ദുരന്തപൂർണ്ണമായിരുന്നു. തന്റെ കുടുംബത്തിലെ മിക്കവാറും എല്ലാവരേയും നഷ്ടപ്പെട്ട ടാഗോർ ബംഗാളിന്റെ അധഃപതനത്തിനും സാക്ഷ്യം വഹിച്ചു. ടാഗോറിന്റെ കൃതികളും അദ്ദേഹം സ്ഥാപിച്ച വിശ്വഭാരതി സർവ്വകലാശാലയും ഇതെല്ലാം അതിജീവിച്ചു.

ടാഗോറിന്റെ കൃതികളിൽ അനവധി നോവലുകൾ, ചെറുകഥകൾ, ഗാന സമാഹാരങ്ങൾ, നൃത്ത്യ-നാടകങ്ങൾ, രാഷ്ട്രീയവും വ്യക്തിപരവുമായ ലേഖനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിലെല്ലാം കണ്ടിരുന്ന താളമൊത്ത ഭാവഗാനസ്വഭാവമുള്ള വരികളും, വാമൊഴിയും, പ്രകൃതി മാഹാത്മ്യ വാദവും, തത്ത്വചിന്തയും ലോകപ്രശസ്തി നേടിയിരുന്നു. ഒരു സാംസ്കാരിക പരിഷ്കർത്താവായിരുന്ന ടാഗോർ, ബംഗാളി കലകളെ പൗരാണിക ഭാരതീയ കലകളുമായി ബന്ധിപ്പിക്കുന്നതായി ഒന്നും തന്നെയില്ലെന്നു വാദിച്ചു. ടാഗോറിന്റെ രണ്ട് ഗാനങ്ങൾ ഇൻഡ്യയുടെയും ബംഗ്ലാദേശിന്റെയും ദേശീയഗാനങ്ങളാണ്-ജനഗണമനയും അമാർ ഷോണാർ ബാംഗ്ലയും.

## ജീവിതരേഖ

ദേവേന്ദ്രനാഥ് ടാഗോർ 1817 മെയ് 15-ന് കൊൽക്കൊത്തയിൽ ജനിച്ചു. അച്ഛൻ 'രാജകുമാരൻ'

*എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന* ദ്വാരകാനാഥ് ടാഗൂർ. *പല മഹത്സ്ഥാപനങ്ങളിലൂടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ബംഗാളി സമൂഹത്തിൽ വലിയ പ്രഭാവം ചെലുത്തിയ ദേഹമാണ് ദ്വാരകാനാഥ് ടാഗൂർ. പ്രസിദ്ധമായ ജൊറാഷെങ്കൊ തറവാട്ടിൽ ജനിച്ച ദേവേന്ദ്രനാഥ്* റാം മോഹൻ റായിയുടെ *സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്. പിന്നീട് ഹിന്ദു കോളജിൽ ചേർന്നു ബിരുദമെടുത്തു. പഠിത്തം കഴിഞ്ഞയുടനെ പിതാവിന്റെ 'കാർ ടാഗോർ ആൻഡ് കമ്പനി' യിൽ ജോലിക്ക് ചേർന്നു. അക്കാലത്ത് ദേവേന്ദ്രനാഥ് ഈശോപനിഷത്തിലെ ഒരു ശ്ലോകം വായിക്കാനിടയായി. സമ്പത്തിനോടുള്ള ആർത്തി ഉപേക്ഷിച്ച് ദൈവത്തെ തേടാൻ ഉപദേശിക്കുന്ന ആ ശ്ലോകം ദേവേന്ദ്രനാഥിനെ ചിന്തിപ്പിച്ചു. അച്ഛന്റെ കമ്പനിയിലെ ജോലി ഉപേക്ഷിച്ച് അദ്ദേഹം മതവും തത്ത്വശാസ്ത്രവും പഠിക്കാൻ തുടങ്ങി. ബ്രഹ്മസമാജത്തിലെ അധ്യാപകനായിരുന്ന രാമചന്ദ്ര വിദ്യാവാഗീശനുമായും രാജാ റാം മോഹൻ റായിയുമായുമുള്ള അടുപ്പം ദേവേന്ദ്രനെ ബ്രഹ്മസമാജത്തിന്റെ പ്രവർത്തകനാക്കി മാറ്റി. 1839-ൽ ഇദ്ദേഹം '*തത്ത്വബോധിനിസഭ*' എന്ന പേരിൽ ഒരു പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു.* തത്ത്വ ബോധിനി പത്രിക *എന്ന ഒരു പത്രവും തുടങ്ങി. 1843-ലാണ് ദേവേന്ദ്രനാഥ് ബ്രഹ്മസമാജത്തിൽ ഔദ്യോഗികമായി അംഗമായത്. ഹിന്ദുമതശാസ്ത്രത്തിൽ കത്തോലിക്കാസഭയുടെ പ്രമാണങ്ങൾ അവതരിപ്പിക്കുന്ന 'ബ്രാഹ്മിക് കവനന്റ്' ആ വർഷം തന്നെ അദ്ദേഹം അവതരിപ്പിച്ചു. നാലു ബ്രാഹ്മണയുവാക്കളെ കാശിയിൽ അയച്ച് നാലു വേദങ്ങളും പഠിക്കാൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. വേദങ്ങളോ ഉപനിഷത്തുകളോ വീഴ്ചകൾക്ക് അതീതമല്ലെന്ന വിപ്ലവകരമായ പ്രമേയം ദേവേന്ദ്രനാഥിന്റെ നേതൃത്വത്തിൽ സമാജം അവതരിപ്പിച്ചതോടെ ബ്രഹ്മസമാജത്തിന്റെ ചരിത്രത്തിൽ ഒരു വലിയ വഴിത്തിരിവുണ്ടായി.*

*ദേവേന്ദ്രനാഥിന്റെ വാഗ്മിത്വവും സന്ന്യാസതുല്യമായ ജീവിതവും ബംഗാളിന് ആകെയൊരു വിസ്മയമായിരുന്നു. പതിനഞ്ച് മക്കൾ ഉണ്ടായിരുന്ന ഇദ്ദേഹത്തിന്റെ പല മക്കളും ലോകപ്രശസ്തരുമായി. മൂത്തമകൻ* ദ്വിജേന്ദ്രനാഥ് *കവിയും സംഗീതജ്ഞനും തത്ത്വചിന്തകനും ഗണിതജ്ഞനുമായിരുന്നു. ഇദ്ദേഹത്തിന്റെ കാവ്യപരീക്ഷണങ്ങൾ രബീന്ദ്രനാഥ ടാഗൂറിനെയും സ്വാധീനിച്ചു. രണ്ടാമത്തെ മകൻ* സത്യേന്ദ്രനാഥ ടാഗൂർ *ഇന്ത്യൻ സിവിൽ സർവീസിലെ ആദ്യത്തെ ഇന്ത്യാക്കാരനായി. സംസ്കൃതത്തിലും ബംഗാളിയിലും ഇംഗ്ലീഷിലും ഇദ്ദേഹം മികവു കാട്ടി. ഗീതയുടെയും മേഘദൂതിന്റെയും ബംഗാളി പരിഭാഷ നിർവഹിച്ച സത്യേന്ദ്രനാണ് അച്ഛന്റെ ആത്മകഥ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത്.*

***അഞ്ചാമത്തെ മകൻ*** ജ്യോതീന്ദ്രനാഥാകട്ടെ ***സംഗീതജ്ഞനും സംവിധായകനും കവിയും നാടകകൃത്തും ദേശീയവാദിയുമായിരുന്നു. മൂത്തമകൾ സൗദാമിനിയും അഞ്ചാമത്തെ മകൾ*** *സ്വർണകുമാരിയും രബീന്ദ്രനാഥ ടാഗൂറും ബംഗാളിയിൽ പ്രതിഭാവിലാസം പ്രകടമാക്കി.*

*1905 ജനുവരി 19-ന് ദേവേന്ദ്രനാഥ് ടാഗോർ അന്തരിച്ചു.*

# താജ് മഹൽ

**താജ് മഹൽ**



Southern view of the Taj Mahal

| | |
|---|---|
| Location | ആഗ്ര, ഇന്ത്യ |
| Coordinates | 27°10′30″N 78°02′31″ECoordinates: |
| Elevation | 171 m (561 ft) |
| Built | 1632 - 1653 |
| Architect | ഉസ്താദ് ഈസ |
| Architectural style(s) | Mughal |
| Visitors | More than 3 million (in 2003) |

**യുനെസ്കോ ലോകപൈതൃകസ്ഥാനം**

| | |
|---|---|
| Type | സാംസ്കാരികം |
| Criteria | i |
| Designated | 1983 (7th session) |
| Reference no. | യുനെസ്കോയുടെ ലോക പൈതൃകങ്ങളുടെ പട്ടികയിൽ |
| State Party | ഇന്ത്യ |
| Region | Asia-Pacific |



***Located in western Uttar Pradesh, India***

***ലോകമഹാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ആഗ്രയിൽ, യമുനാനദിക്കരയിൽ സ്ഥിതി ചെയ്യുന്നു. മുഗൾ ചക്രവർത്തിയായ ഷാജഹാൻ തന്റെ പത്നി മുംതാസ് മഹലിന്റെ സ്മരണയ്ക്കായി പണികഴിപ്പിച്ചതാണ് ഇത്.***


***പേർഷ്യൻ, ഒട്ടോമൻ, ഇന്ത്യൻ, ഇസ്ലാമിക് എന്നീ വാസ്തുവിദ്യാ മാതൃകകൾ കൂടിച്ചേർന്നുണ്ടായ മുഗൾ വാസ്തുവിദ്യയുടെ ഉത്തമോദാഹരണമാണ് താജ് മഹൽ. പൂർണമായും വെണ്ണക്കല്ലിൽ നിർമ്മിച്ച ഈ സ്മാരകം പൂർത്തിയാകാൻ ഇരുപത്തി രണ്ട് വർഷം എടുത്തു എന്നാണ് കണക്ക്.***

***1983- ൽ ലോകത്തിലെ പൈതൃക സ്ഥലങ്ങളുടെ*** നെസ്കോയുടെയു ***പട്ടികയിൽ താജ് മഹലിനെ പെടുത്തി. വെണ്ണക്കല്ലിൽ പണിത സൗധമാണ് ഏറ്റവും പ്രധാനമെങ്കിലും ഇതിനോടനുബന്ധിച്ച് മറ്റു കെട്ടിടങ്ങളും ചേർന്ന ഒരു സമുച്ചയമാണ് താജ് മഹൽ. ഇതിന്റെ പണി ഏകദേശം 1632 ൽ തുടങ്ങി 1653 ൽ തീർന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. പതിനായിരക്കണക്കിന് തൊഴിലാളികൾ ചേർന്നാണ് ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. . ഉസ്താദ് അഹമ്മദ് ലാഹോറിയാണ് ഇതിന്റെ പ്രധാന ശില്പി. കാലത്തിന്റെ കവിളിൽ വീണ കണ്ണുനീർത്തുള്ളി എന്നാണ് രബീന്ദ്രനാഥ ടാഗോർ താജ്മഹലിനെ വിശേഷിപ്പിച്ചിരിക്കുന്നത്.***

# ***മഹാത്മാ ഗാന്ധി***

*മഹാത്മാ*

***മോഹൻദാസ് കരംചന്ദ് ഗാന്ധി***



| | |
|---|---|
| | *1869 ഒക്ടോബർ 2*<br>*പോർബന്തർ , Kathiawar Agency, ബ്രിട്ടീഷ് രാജ്*<br>*(ഇപ്പൊൾ ഗുജറാത്തിൽ)* |
| ***ജനനം*** | |
| ***മരണം*** | *1948 ജനുവരി 30 (പ്രായം 78)*<br>*ന്യൂ ഡെൽഹി , ഡെൽഹി, India* |
| ***മരണകാരണം*** | *രാഷ്ട്രീയ കൊല* |
| ***ശവകുടീരം*** | *രാജ് ഘട്ട് ,ചിതാ ഭസ്മം ഭാരതത്തിലെ നാനാ നദികളിൽ ഒഴുക്കി.* |
| ***മറ്റ് പേരുകൾ*** | *മഹത്മാ , ഗാന്ധിജി , ബാപ്പു ,മഹത്മാ ഗാന്ധി* |
| ***വിദ്യാഭ്യാസം*** | *barrister-at-law* |
| **പഠിച്ച സ്ഥാപനങ്ങൾ** | Alfred High School, Rajkot,<br>Samaldas College, Bhavnagar,<br>University College, London |
| **പ്രശസ്തി** | ഇന്ത്യയുടെ സ്വാതന്ത്ര്യസമരം<br>സത്യാഗ്രഹം , അഹിംസ |
| **പ്രസ്ഥാനം** | ഇന്ത്യൻ നാഷണൽ കോൺഗ്രസ് |
| **ജീവിത പങ്കാളി(കൾ)** | കസ്തൂർബാ ഗാന്ധി |
| **കുട്ടി(കൾ)** | ഹരിലാൽ<br>മണിലാൽ ഗാന്ധി<br>രാംദാസ് ഗാന്ധി<br>ദേവ്ദാസ് ഗാന്ധി |
| **മാതാപിതാക്കൾ** | • Karamchand Gandhi (father)<br>• Putlibai Gandhi (mother) |

**ഒപ്പ്**



***മോഹൻദാസ് കരംചന്ദ് ഗാന്ധി (1869 ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ***

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്രപിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥംവരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.

ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോള തലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു. മാർട്ടിൻ ലൂഥർ കിംഗ്, സ്റ്റീവ് ബികോ, നെൽസൺ മണ്ടേല, ഓങ് സാൻ സൂ ചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽപെടുന്നു. ഭാരതീയർ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയഅവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസാ ദിനമായും പ്രഖ്യാപിച്ചിട്ടുണ്ട്

## വിനോദയാത്ര 2018-19(വയനാട്)



വയനാട്ടിലെ എടക്കൽ ഗുഹക്കടുത്തുള്ള കുപ്പകൊല്ലി, ആയിരംകൊല്ലി എന്നിവിടങ്ങളിൽ നിന്ന് ചെറുശിലായുഗം ജീവിച്ചിരുന്ന മനുഷ്യർ വെള്ളാരം കല്ല്

കൊണ്ട് നിർമിച്ച ആയുധങ്ങൾ കണ്ടെടുത്തു.
ഈ തെളിവ് മൂലം അയ്യായിരം വർഷം മുൻപ് വരെ ഈ പ്രദേശത്ത് സംഘടിതമായ മനുഷ്യവാസമുണ്ടായിരുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. നവീന ശിലായുഗ സംസ്കാരത്തിന്റെ നിരവധി തെളിവുകൾ വയനാടൻ മലകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരിക്കും അമ്പലവയലിനും ഇടയ്ക്കുള്ള അമ്പുകുത്തി മലയിലുള്ള രണ്ട് ഗുഹകളിൽ നിന്നും അതിപുരാതനമായ ചുവർ ചിത്രങ്ങളും ശിലാലിഖിതങ്ങളും ചരിത്രഗവേഷകർക്ക് ലഭിച്ചിട്ടുണ്ട്. എടക്കൽ എന്ന സ്ഥലത്തുള്ള ഗുഹാ ചിത്രങ്ങൾ രചിക്കപ്പെട്ടത് ചെറുശിലായുഗ കാലഘട്ടത്തിലാണ് എന്നാണ് ചരിത്രകാരനായ ഡോ. രാജേന്ദ്രൻ കരുതുന്നത്.

## എടക്കൽ ശിലാ ലിഖിതങ്ങൾ




സുൽത്താൻ ബത്തേരിക്കടുത്ത അമ്പലവയലിലെ അമ്പുകുത്തി മലയിൽ കേരളത്തിൽ നിലന്നിരുന്ന ഏറ്റവും പുരാതനമായ രാജവംശത്തെപ്പറ്റിയുള്ള സൂചന നൽകുന്നു. വയനാട്ടിൽ ഇന്നവശേഷിക്കുന്ന ഏറ്റവും പ്രാചീനമായ ചരിത്രസ്മാരകവും ഇതാണ്. രണ്ട് മലകൾക്കിടയിലേക്ക് ഒരു കൂറ്റൻ പാറ വീണുകിടക്കുന്നതിനാൽ ഇടയിലെ കല്ല് എന്നർത്ഥത്തിൽ ഈ സ്മാരകം സ്ഥിതിചെയ്യുന്ന സ്ഥലത്തെ എടക്കൽ എന്ന് വിശേഷിപ്പിക്കുന്നു.



## Poem



*First day we stepped into a school was great-*
*In uniform with school-bag, looking cute!*
*We could not walk or run and had a slate;*
*We learnt to read and write and be not mute.*

*We learnt the Alphabets: count one to ten!*

*We ate so happily when school-bell rung;*

*Our teachers taught us how to hold the pen;*

*We can't forget those days when we were young.*

## _നന്ദി.....

ഡിജിറ്റൽ മാഗസിൻ,
യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും ഒരായിരം നന്ദി..............

എഡിറ്റർ